


# രക്ഷകനെ കാത്തിരുന്ന ജനം

5

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

പാഠം 2

# അബ്രാഹത്തിന്റെ വിളി





# അബ്രാഹം

മനുഷ്യരക്ഷയ്ക്കായുള്ള ദൈവത്തിന്റെ പദ്ധതിയിൽ പ്രത്യേകസ്ഥാനമുള്ള വ്യക്തിയാണ് അബ്രാഹം

ബി.സി. 19-ാം നൂറ്റാിലാണ് അദ്ദേഹം ജീവിച്ചിരുന്നത്.

ജനനം ദക്ഷിണമെസോപ്പൊട്ടോമിയായിലെ ഊർ.

അബ്രാം എന്നായിരുന്നു ആദ്യത്തെ പേര്.

# ദൈവം വിളിക്കുന്നു

ഹാരാനിൽ താമസിക്കുന്ന കാലത്ത് അബ്രാമിനു ദൈവ ത്തിൽനിന്ന് ഒരു വിളി ലഭിച്ചു.

'നിന്റെ ദേശത്തെയും, ബന്ധുക്കളെയും, പിതൃഭവന ത്തെയും വിട്ട്, ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോകു ക. ഞാൻ നിന്നെ വലിയൊരു ജനതയാക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നിന്റെ പേര് ഞാൻ മഹത്തരമാക്കും. അങ്ങനെ നീ ഒരനുഗ്രഹമായിരിക്കും. നിന്നിലൂടെ ഭൂമു ഖത്തെ വംശങ്ങളെല്ലാം അനുഗ്രഹീതമാകും'. (ഉൽപത്തി 12:1-3)

75-ാം വയസ്സിൽ കാനാൻദേശത്തു ഷെക്കേമിൽ വച്ചു കർത്താവ് അബ്രാമിനോട് അരുളിചെയ്തു:

**‘ഈ നാടു നിന്റെ സന്തതികൾക്കു ഞാൻ കൊടുക്കും’.**

# ദൈവത്തിന്റെ ഉടമ്പടി



# ദൈവം അബ്രഹാമിനു നൽകിയ വാഗ്ദാനം

1. അബ്രാഹം നിരവധി ജനതകളുടെ പിതാവായിരിക്കും.
2. അബ്രാഹത്തിനും സന്തതികൾക്കും ദൈവവുമായി പ്രത്യേക ബന്ധമുായിരിക്കും.
3. അബ്രാഹത്തിനും സന്തതികൾക്കും കാനാൻ ദേശം മുഴുവൻ അവകാശമായി നല്കും.

# ഇസഹാക്കിന്റെ ജനനം

## ദൈവം അബ്രാഹത്തോട് അരുളിച്ചെയ്തു.

വൃദ്ധനായ അബ്രാഹത്തിൽ നിന്നു
സാറാ ഗർഭം ധരിച്ച് ഒരു പുത്രനെ
പ്രസവിച്ചു. മകന്
ഇസഹാക്ക് എന്നു
പേരിട്ടു. (ഉൽപത്തി 21:1-3)

**ഒരിക്കൽ ദൈവം അബ്രാഹത്തെ പരീക്ഷിക്കുവാൻ തീരുമാനിച്ചു.**

**അവിടുന്ന് ഇപ്രകാരം കല്പിച്ചു:**

**'നീ സ്നേഹിക്കുന്ന നിന്റെ ഏകമകൻ ഇസഹാക്കിനെയും കൂട്ടിക്കൊു മോറിയാ ദേശത്തേക്കു പോവുക. അവിടെ ഞാൻ കാണിച്ചുതരുന്ന മലമുകളിൽ നീ അവനെ എനിക്ക് ഒരു ദഹനബലിയായി അർപ്പിക്കണം'.**

**(ഉൽപത്തി 22: 2)**

# അബ്രാഹത്തിന്റെ ബലി



വഴിയിൽ വച്ച് ഇസഹാക്ക് ചോദിച്ചു:

‘നമ്മുടെ പക്കൽ തീയും വിറകുമുല്ലോ, എന്നാൽ ദഹനബലിക്കുളള കുഞ്ഞാട് എവിടെ?’

അബ്രാഹം മറുപടി പറഞ്ഞു:

‘കുഞ്ഞാടിനെ ദൈവം തരും’.

ഇസഹാക്കിനെ ബലികഴിക്കുവാൻ ഒരുക്കങ്ങൾ പൂർത്തിയാക്കി അബ്രാഹം കത്തി എടുത്തപ്പോൾ ദൈവദൂതൻ അബ്രാഹത്തോട് പറഞ്ഞു:

‘കുട്ടിയുടെ മേൽ കൈവയ്ക്കരുത്. നീ ദൈവത്തെ ഭയപ്പെടുന്നുവെന്ന് എനിക്കിപ്പോൾ ഉറപ്പായി. കാരണം, നിന്റെ ഏകപുത്രനെ എനിക്കു തരാൻ നീ മടികാണിച്ചില്ല’.

അബ്രാഹം ഇസഹാക്കിനു പകരം മുൾച്ചെടികൾക്കിട യിൽ നിന്നു കിട്ടിയ മുട്ടാടിനെ ബലിയർപ്പിച്ചു.

## ജനതകളുടെ പിതാവ്

'നീ എന്റെ വാക്ക് അനുസരിച്ചതുകൊണ്ട് നിന്റെ സന്തതിയിലൂടെ ലോകത്തിലെ ജനതകളെല്ലാം അനുഗ്രഹിക്കപ്പെടും'.

## വിശ്വാസികളുടെ പിതാവ്

ദൈവത്തിലുള്ള ശരിയായ വിശ്വാസം നിമിത്തമാണ് അബ്രാഹം വിശ്വാസികളുടെ പിതാവ് എന്ന പദവിയിലേക്ക് ഉയർന്നത്.

ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം വാക്കിലും പ്രവൃത്തിയിലും പ്രകടിപ്പിക്കണം.



# നമുക്കു പ്രാർത്ഥിക്കാം

കർത്താവ് എത്രയോ നല്ലവനാണെന്ന് രുചിച്ചറിയുവിൻ, അവിടുത്തെ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ.



# നമുക്കു പാടാം

ജനതകൾ വാഴ്ത്തും താതനിതാ
ജിതമാനസനാമബ്രാഹം!
ഹഗാറിൽനിന്നിസ്മായേൽ,
സാറായിൽ നിന്നിസഹാക്കും ...... ......
താതകനിരപോൽ ഗഗനത്തിൽ,
തീരോത്തോ മൺതരികൾപോൽ
തലമുറയനവധിയവനിവിടെ
തരുമെന്നീശ്വര വാഗ്ദാനം!
ഒരു നാൾ ബലിയായ്ത്തൻമകനെ
മോറിയഗിരിയിൽ ഹോമിക്കാൻ
അരുളിയ ദൈവം, കൃപയാലേ
അവനെ മോചിച്ചവസാനം.

# ദൈവവചനം വായിക്കാം, വിവരിക്കാം

**അബ്രാഹം ഇസഹാക്കിനെ ബലികഴിക്കാനൊരുങ്ങിയ സംഭവം വിവരിക്കുക**

# വഴികാട്ടാൻ ഒരു തിരുവചനം

**അബ്രാഹം കർത്താവിൽ വിശ്വസിച്ചു. അവിടുന്ന് അത് അവന് നിതീകരണമായി കണക്കാക്കി**


# എന്റെ തീരുമാനം

**അബ്രാഹത്തെപ്പോലെ ഞാനും ദൈവത്തിൽ വിശ്വസിച്ചുകൊ് അവിടുത്തെ കല്പനകൾ അനുസരിച്ചു ജീവിക്കും**

# ബോധ്യങ്ങൾ

* ദൈവത്തിൽ വിശ്വസിക്കുന്നവരുടെ മാതൃകയാണ് അബ്രാഹം.

* ദൈവത്തിന്റെ വാക്കു വിശ്വസിച്ച് അനുസരണം പാലിച്ചതിനാലാണ് അബ്രാഹം അനുഗൃഹീതനായത്.



## മനോഭാവങ്ങൾ

* അബ്രാഹത്തെ അനുകരിച്ച നാം വിശ്വാസത്തിൽ ഉറപ്പു നേടേവരാണ്

* ഏതു പ്രതികൂലസാഹചര്യത്തിലും നാം വിശ്വാസത്തിൽ നിലകൊള്ളേവരാണ്.



# ശീലങ്ങൾ



* ഞാൻ ദൈവത്തിൽ വിശ്വസിച്ചുകൊ് അവിടുത്തെ കല്പനകൾ അനുസരിക്കും.


THANK
YOU